## കേരള സർക്കാർ

### സംഗ്രഹം

മത്സ്യബന്ധന വകുപ്പ് - കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ഹൊസബെട്ടു ബീച്ച് റോഡ് മുതൽ കന്വതീർത്ഥ റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

**G.O.(Rt)No.246.2026.F&P** **Dated,14/03/2026**

---

എ.എസ് നമ്പർ : AS/FSH/25/49868 കാലാവധി : 13/03/2029

പരാമർശം:- 1. 24/6/2025 ലെ G.O(Rt) No.5384/2025/FIN നമ്പർ ഉത്തരവ്.

2. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.01.2026 ലെ എച്ച്. ഇ.സി.ഇ/166/2026/ഡി 9 നമ്പർ കത്ത്.

### ഉത്തരവ്

2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ഭരണാനുമതി ഇല്ലാത്ത മരാമത്ത് പ്രവൃത്തികളിൽ ക്രമ നമ്പർ 539 ആയി ഉൾപ്പെടുത്തി 2.00 കോടി രൂപ അടങ്കൽതുകയും, 20% വിഹിതവും അനുവദിച്ച് പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ വകുപ്പാക്കിയ മഞ്ചേശ്വരം പഞ്ചായത്തിലെ "ഹൊസബെട്ടു കടപ്പുറത്ത് കടൽഭിത്തി നിർമ്മാണം" എന്ന പ്രവൃത്തിക്ക് പകരം ഹൊസബെട്ടു ബീച്ച് റോഡ് മുതൽ കന്വതീർത്ഥ റോഡ് എന്ന പ്രവൃത്തി ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നിർവ്വഹണ ചുമതല നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ഹൊസബെട്ടു ബീച്ച് റോഡ് മുതൽ കന്വതീർത്ഥ റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയുടെ 200 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകണമെന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ശിപാർശ പരിഗണിച്ച് കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ "ഹൊസബെട്ടു ബീച്ച് റോഡ് മുതൽ കന്വതീർത്ഥ റോഡിന്റെ പുനരുദ്ധാരണം" എന്ന പ്രവൃത്തിയ്ക്ക് '4405-00-103-94-00-00-00-N-V Upgradation of Coastal Roads' ശീർഷകത്തിൽ 200 ലക്ഷം രൂപയുടെ (ഇരുനൂറ് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവാകുന്നു.

AS/FSH/25/49868

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 4405-00-103-94-00-00-0-N-V | 2,00,00,000 | AS/FSH/25/49868 | 2029-03-13 |

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | ഹൊസബെട്ടു ബീച്ച് റോഡ് മുതൽ കന്വതീർത്ഥ റോഡിന്റെ പുനരുദ്ധാരണം | 2,00,00,000 |
| ആകെ (രണ്ട് കോടി രൂപ) | | **2,00,00,000** |

AS/FSH/25/49868

മത്സ്യബന്ധന വകുപ്പ്

ജോയിന്റ് സെക്രട്ടറി

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

To

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ, (ആഡിറ്റ് / എ & ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ (വനിതാ-ശിശു ക്ഷേമം) വകുപ്പ് (13.03.2026 ലെ 3406017/WCD-2 /26/2026-FIN നമ്പർ കുറിപ്പ് പ്രകാരം)
ഡെപ്യൂട്ടി ഡയറക്ടർ , വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.സി3/12/2026/മഉവ).

ഓർഡർ പ്രകാരം കൈമാറി,

Sameer kumar O.J

Digitally signed by Sameer Kumar. O. J
Date:15-03-2026 15:39:10